# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 242** **04/06/2018-ൽ മറുപടിക്ക്**

## വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള**

എ) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിപ വൈറസ് മൂലം മരണം സ്ഥിരീകരിച്ച സാഹചര്യത്തിൽ കൂടുതൽ മേഖലയിലേക്ക് വ്യാപിക്കുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപെട്ടയുടൻ ആരോഗ്യവകുപ്പ് ഡയറക്ടർ, ആവശ്യമായ സാമ്പിളുകൾ ശേഖരിക്കുന്നതിനും അവ പരിശോധനക്കായി അയക്കുന്നതിനെക്കുറിച്ചും ദ്രുതകർമ്മ സേന വിളിച്ചുകൂട്ടി അനന്തര മേൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. മരണം ശ്രദ്ധയിൽപെട്ടപ്പോൾ ടി മരണം നടന്ന സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരോട് മരണപ്പെട്ട ആളുടെ പോസ്റ്റ്മോർട്ടം എല്ലാവിധ മുൻകരുതലോടുംകൂടെ ചെയ്ത് രോഗനിർണയം നടത്തുന്നതിനാവശ്യമായ സാമ്പിളുകൾ ശേഖരിക്കാൻ നിർദേശം നൽകി. അതോടൊപ്പം മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. നിപ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ പൊതുജനങ്ങളുടെ സംശയനിവാരണത്തിന് കൺട്രോൾ റൂം തുടങ്ങി. മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ രോഗവാഹകരെന്ന് സംശയിക്കുന്ന മൃഗങ്ങളുടെയും രോഗപകർച്ച സംശയിക്കുന്ന പഴങ്ങളുടെയും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയും ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾക്കായി ജില്ലയുടെ ചാർജ്ജുള്ള ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബോധവത്കരണ പ്രതിരോധ-പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. നിപ വൈറസ് മൂലമുള്ള പനി നേരിടുന്നതിനായി ആശുപത്രികൾ സുസജ്ജമാക്കിയിട്ടുണ്ട്. നിപ വൈറസ് ബാധ മൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനി ബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. രോഗം പകരുന്നത്

തടയാനും, വരാതിരിക്കാനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ/ക്ലാസ്സുകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മാസ്ക്, ഏപ്രൺ, ഹാന്റ് റബ്ബ്, ഹാന്റ് വാഷ്(PPE Kit) തുടങ്ങിയ അടിസ്ഥാനപരമായ പ്രതിരോധ ഉപാധികൾ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി വരുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ പനിബാധിച്ച് ചികിത്സ തേടുന്ന ജീവനക്കാരുടെ ഫോൺ നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| **ബി)** | ഈ രോഗം മൂലം എത്രമരണമാണ് ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; | **ബി)** | ജൂൺ 1-ാം തീയതിയിലെ കണക്ക് പ്രകാരം 16 പേർ മരണപ്പെട്ടിട്ടുണ്ട്. |
| **സി)** | രോഗ നിർണ്ണയം നടത്തുന്നതിനും ലാബ് പരിശോധനകൾ നടത്തുന്നതിനും മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സർക്കാർ സംവിധാനങ്ങൾ പര്യാപ്തമാണോ; അല്ലെങ്കിൽ പകരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | **സി)** | നിപ വൈറസ് രോഗനിർണയം (ആർ.റ്റി.പി.സി.ആർ) നടത്തുന്നതിന് ബയോസേഫ്റ്റി ലെവൽ -3 ലാബുകളും ടെസ്റ്റ് ചെയ്യുന്നതിന് ബയോ സേഫ്റ്റി ലെവൽ 4 ലാബുകളുമാണ് ആവശ്യമുള്ളത്. ഇത് മെഡിക്കൽ കോളേജുകളിലും മറ്റ് ലാബുകളിലും ലഭ്യമല്ല. എം.സി.വി.ആർ മണിപ്പാൽ, എൻ.ഐ.വി പൂന എന്നിവിടങ്ങളിലാണ് പരിശോധനകൾ നടത്തുന്നത്. |
| **ഡി)** | ഓരോ വർഷവും പുതിയ രോഗങ്ങൾ കണ്ടെത്തുന്നതിന്റെ സാഹചര്യങ്ങൾ മനസ്സിലാക്കുവാനും പരിശോധനകൾ നടത്തുവാനും പര്യാപ്തമായ വൈറോളജി ലാബുകൾ സംസ്ഥാനത്തില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ലാബുകൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | **ഡി)** | 1. National Institute of Virology (NIV)യുടെ ഒരു യൂണിറ്റ്, സർക്കാർ മെഡിക്കൽ കോളേജ് ആലപ്പുഴയിലുണ്ട്.<br>2. Rajeev Gandhi Centre for Biotechnology (RGCB), പൂജപ്പുര, തിരുവനന്തപുരം, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ വൈറോളജി ലാബ് പ്രവർത്തിക്കുന്നുണ്ട്.<br>എന്നിരുന്നാലും പുതിയ രോഗങ്ങൾ കണ്ടെത്തുന്നതിന്റെ സാഹചര്യങ്ങൾ മനസ്സിലാക്കുവാനും പരിശോധനകൾ നടത്തുവാനും പര്യാപ്തമായ വൈറോളജി ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**